ഉത്തരം

(എ&ബി) ഉണ്ട്. 1971-ലെ പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് നിയമത്തിലെ 3(2), 3 (3) പ്രകാരം കൃഷിചെയ്തിരുന്നതോ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ ഭൂമി ഭൂപരിഷ്ക്കരണ നിയമത്തിന്റെ നിർദ്ദിഷ്ട പരിധിയിൽപ്പെടുത്തി നിക്ഷിപ്തമാക്കലിൽ നിന്നും ഒഴിവാക്കി മുൻ ഉടമസ്ഥർക്ക് തിരിച്ചു നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഈ വകുപ്പുകൾ അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയിൽ അവകാശവാദം ഉന്നയിച്ച് ട്രൈബ്യൂണലിൽ നിന്നോ ഇതര കോടതികളിൽ നിന്നോ അനുകൂല വിധി സമ്പാദിച്ചവർക്കാണ് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളത്. കോടതി വിധികളുടെ അടിസ്ഥാനത്തിൽ 11935.46 ഏക്കർ (4850.214 ഹെക്ടർ) ഭൂമി വിട്ടു കൊടുത്തിട്ടുണ്ട്. അനുകൂലവിധി ലഭിച്ചിട്ടുള്ള 1100 കേസ്സുകളിലായി ഇനി 14629.34 ഏക്കർ (5920.413 ഹെക്ടർ) ഭൂഉടമകൾക്ക് വിട്ടുകൊടുക്കാനുണ്ട്.

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ 11955.46 ഏക്കർ (4836.214 ഹെക്ടർ) വനഭൂമി സ്വകാര്യ ഭൂഉടമകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(ഡി) 1100 കേസ്സുകളിലായി 14629.34 ഏക്കർ (5920.413 ഹെക്ടർ) വനഭൂമി സ്വകാര്യ ഭൂഉടമകൾക്ക് വിട്ടുകൊടുക്കാനുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) സ്വീകരിച്ചിട്ടുണ്ട്. വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ സമ്പാദിച്ചിട്ടുള്ള വിധികൾക്കെതിരെ അപ്പീലുകൾ യഥാസമയം നൽകുന്നുണ്ട്. മേൽ തരത്തിൽ നഷ്ടപ്പെട്ട ഭൂമിയിൽ 2000-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഓർഡിനൻസിന്റെ പരിധിയിൽപ്പെടുന്നവ സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്.

വനഭൂമി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയ കേസുകൾ

92 (4131) ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവമേഖലയിലെ നിത്യഹരിത വനങ്ങളുടെ പ്രദേശങ്ങൾ കൃഷി ഭൂമിയാക്കി തെറ്റിദ്ധരിപ്പിച്ച് സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇത്തരത്തിലുള്ള കേസുകളിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് അടുത്ത കാലത്ത് സർക്കാരിന് അനുകൂലമായി വിധി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഡി) ഫോറസ്റ്റ് ട്രൈബൂണലുകളിൽ ഇതേ രൂപത്തിലുള്ള എത്ര കേസുകൾ തീർപ്പിനായി അവശേഷിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിവിധ നിയമ വേദികളിലുള്ള ഫോറസ്റ്റ് കേസുകൾക്ക് കേന്ദ്രീകൃതമായ നിയമോപദേശം നൽകാൻ സംവിധാനം ഉണ്ടാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കോളജിക്കലി ഫ്രെജയിൽ ലാന്റ്സ് ഓർഡിനൻസുമായി ബന്ധപ്പെട്ട 34 കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്.

(സി) ഇല്ല.

(ഡി) കോഴിക്കോട്, പാലക്കാട് ട്രൈബൂണലുകളിലായി (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വനഭൂമി വിട്ടുകിട്ടുന്നതിനായി എത്രകേസ്സുകൾ നിലവിലുണ്ടെന്നുള്ള വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

(ഇ) പരിഗണിക്കാവുന്നതാണ്.

വനം വകുപ്പിന്റെ കൈവശമുള്ള വസ്തു വിട്ടുകൊടുക്കുന്നതിന് നടപടി

93 (4132) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വേങ്ങശ്ശേരി മേലക്കാട് ഉണ്ണികൃഷ്ണൻ നായരുടെ 3 ഏക്കർ 4 സെന്റ് ഭൂമി വനം വകുപ്പിന്റെ കൈവശമുണ്ടോ ;

(ബി) പ്രസ്തുത ഭൂമി ഉണ്ണികൃഷ്ണൻ നായർക്ക് വിട്ടുകൊടുക്കുന്നതിന് 1997-ൽ ഫോറസ്റ്റ് ട്രൈബ്യൂണലും 1996-ൽ ബഹു. കേരള ഹൈക്കോടതിയും ഉത്തരവായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതുവരെയും പ്രസ്തുത സ്ഥലം വിട്ടുകൊടുക്കാത്തതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥലത്തിനോട് ചേർന്നു കിടക്കുന്ന വസ്തുക്കൾ ചില വ്യക്തികൾക്ക് വിട്ടുകൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) 1986-ലെ ഉത്തരവിൻ പ്രകാരം ഈ സ്ഥലം 5-ാം ഖണ്ഡികയിൽ പെടുത്തിയിട്ടുണ്ടോ ;

(എഫ്) ഇതിനെതിരെ ഉണ്ണികൃഷ്ണൻ നായർ കൊടുത്ത കേസിൽ ഈ സ്ഥലം പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലമാണെന്ന് സത്യവാങ്മൂലം വനം വകുപ്പ് കോടതിയിൽ നല്കിയിട്ടുണ്ടോ ;

(ജി) രണ്ട് അനുകൂല വിധികളുണ്ടായിട്ടും ആയതിനോട് ചേർന്ന സ്ഥലങ്ങൾ പലർക്കും വിട്ടുകൊടുത്തിട്ടും ശ്രീ. ഉണ്ണികൃഷ്ണൻ നായർക്ക് സ്ഥലം വിട്ടുകൊടുക്കാത്തതിന് ഏതെങ്കിലും പ്രത്യേക കാരണമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly